ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.10.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കഴിഞ്ഞ 10 വർഷത്തിനിടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

Prime Minister Narendra Modi said that in the last 10 years, people have been provided with better services through infrastructure development.

2. ജമ്മു കാശ്മീരിലെ സോനമാർഗിൽ ഭീകരാക്രണത്തിൽ ആറു തൊഴിലാളികൾ കൊല്ലപ്പെട്ടു. നാല് പേർക്ക് പരിക്ക്. സംഭവത്തെ ശക്തമായി അപലപിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

In Jammu and Kashmir, six non-local labourers were killed tonight and four others were injured in terrorist attack. Union Home Minister Amit Shah strongly condemned the incident

3. അസംഘടിത തൊഴിലാളികൾക്കുള്ള ഇ-ശ്രം പോർട്ടലിന്റെ ഏകജാലക സംവിധാനം കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

Labour and Employment Minister Dr.Mansukh Mandaviya will launch the eShram, One Stop Solution for Unorganized Workers in New Delhi today.

4. തമിഴ്നാട്, പുതുച്ചേരി, കേരളം എന്നിവിടങ്ങളിൽ കനത്ത മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ദാന ചുഴലിക്കാറ്റ് വ്യാഴാഴ്ച ഒഡിഷ തീരത്തെത്തുമെന്ന് മുന്നറിയിപ്പ്.

**The Union Meteorological Department has predicted heavy rains in Tamil Nadu, Puducherry and Kerala. Cyclone Dana is expected to reach the Odisha coast on Thursday**

5. വനിതാ ട്വന്റി - 20 ലോക കപ്പ് കിരീടം ന്യൂസിലൻഡിന്. ദക്ഷിണ ആഫ്രിക്കയെ പരാജയപ്പെടുത്തിയത് 32 റൺസിന്.

**In Women's T-20 World cup, NewZealand bagged the trophy defeating South Africa for 32 runs.**

************************************

## PM – VARANASI… INTRO

കഴിഞ്ഞ 10 വർഷത്തിനിടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ ബൃഹത്തായ ഒട്ടനവധി പരിപാടികൾ നടപ്പിലാക്കിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും യുവാക്കൾക്ക് കൂടുതൽ തൊഴിൽ സാധ്യത ഉറപ്പുവരുത്താനും സാധിച്ചതായി അദ്ദേഹം പറഞ്ഞു. ഇന്നലെ വാരാണസിയിൽ നടന്ന പൊതു ചടങ്ങിൽ വിവിധ മേഖലകളിലെ 23 വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. മധ്യപ്രദേശിലെ രേവ, ഛത്തീസ്ഗഢ് അംബികാപൂരിലെ മാ മഹാമായ, ഉത്തർപ്രദേശിലെ സർസവ എന്നീ വിമാനത്താവളങ്ങളുടെ പുതിയ ടെർമിനൽ കെട്ടിടങ്ങളുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു.

(ഹോൾഡ്)

സ്ത്രീകളുടെയും യുവാക്കളുടെയും ശാക്തീകരണത്തിലൂടെ മാത്രമേ വികസിത സമൂഹം സൃഷ്ടിക്കാൻ സാധിക്കുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

************************************

## PREZ – NATIONAL WATER AWARD

അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, നഗര തദ്ദേശ സ്ഥാപനം ഉൾപ്പെടെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളെ കേന്ദ്ര ജലശക്തി മന്ത്രാലയം പ്രഖ്യാപിച്ചു. ഒഡിഷയാണ് മികച്ച സംസ്ഥാനം.

************************************

## PM – RUSSIA

പതിനാറാം ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ റഷ്യ സന്ദർശിക്കും. "സന്തുലിതമായ ആഗോള വികസനത്തിനായുള്ള ബഹുമുഖ ശാക്തീകരണം" എന്നതാണ് ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്ന ഉച്ചകോടിയുടെ പ്രമേയം.

************************************

## MANDAVIYA-eSHRAM

അസംഘടിത തൊഴിലാളികൾക്കുള്ള ഇ-ശ്രം പോർട്ടലിന്റെ ഏകജാലക സംവിധാനം ഇന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അസംഘടിത തൊഴിലാളികൾക്ക് വിവിധ സർക്കാർ പദ്ധതികളിലേക്ക് എളുപ്പത്തിൽ പ്രവേശനം ഉറപ്പാക്കാൻ ഇ-ശ്രം ഏകജാലക സംവിധാനം ഉപകരിക്കും. 2021 ഓഗസ്റ്റ് 26-ന് ഇ-ശ്രമം ആരംഭിച്ചതു മുതൽ, 30 കോടിയിലധികം അസംഘടിത തൊഴിലാളികളാണ് ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തത്.

************************************

## J AND K – TERROR ATTACK

ജമ്മു കാശ്മീരിൽ ഗന്ദർബാൽ ജില്ലയിലെ സോനമാർഗിലുണ്ടായ ഭീകരാക്രണത്തിൽ ആറു തൊഴിലാളികൾ കൊല്ലപ്പെടുകയും നാല് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിൽ കേന്ദ്ര ആഭ്യന്തര

മന്ത്രി അമിത് ഷാ അപലപിച്ചു. മരിച്ച തൊഴിലാളികളുടെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കുചേരുകയാണെന്നും പരിക്കേറ്റവരുടെ ആരോഗ്യനില വേഗം മെച്ചപ്പെടാൻ പ്രാർത്ഥിക്കുന്നുവെന്നും അദ്ദേഹം എക്സിൽ കുറിച്ചു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി, ജമ്മുകാശ്മീർ ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ, മുഖ്യമന്ത്രി ഒമർ അബ്ദുള്ള ഉൾപ്പെടെയുള്ളവരും ആക്രമണത്തെ അപലപിച്ചു. സോനമാർഗിലെ തുരങ്ക പാത നിർമ്മാണത്തിനായി കൊണ്ടുവന്ന തൊഴിലാളികൾക്ക് നേരെയണ് ഭീകരർ വെടിയുതിർത്തത്.

*********************************************

## J AND K – ENCOUNTER

ജമ്മു കശ്മീരിലെ ബാരാമുള്ള ജില്ലയിൽ ഇന്നലെ നടന്ന ഏറ്റുമുട്ടലിൽ ഒരു ഭീകരൻ കൊല്ലപ്പെട്ടു. പ്രദേശത്ത് ഇന്ത്യൻ സൈന്യവും ജമ്മു കശ്മീർ പോലീസും നടത്തിയ സംയുക്ത തെരച്ചിലിൽ നിരവധി ആയുധങ്ങൾ പിടിച്ചെടുത്തു. കൊല്ലപ്പെട്ട ഭീകരനെ തിരിച്ചറിഞ്ഞിട്ടില്ല.

*********************************************

## SHIVRAJ-WORKSHOP

നഗര ഭൂരേഖകൾക്കായുള്ള സർവേ-റിസർവേയുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ച ശില്പശാലക്ക് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. നഗര ഭൂരേഖ നവീകരണത്തിൽ ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങൾ പ്രദർശിപ്പിക്കുക, തിരഞ്ഞെടുത്ത നഗരപ്രദേശങ്ങളിൽ പൈലറ്റ് പദ്ധതി ആസൂത്രണം സുഗമമാക്കുക എന്നിവയാണ് ശിൽപശാലയുടെ ലക്ഷ്യം. വിവിധ കേന്ദ്ര മന്ത്രാലയങ്ങളും, സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും റവന്യൂ, നഗരവികസന സെക്രട്ടറിമാർ,

അന്താരാഷ്ട്ര വിദഗ്ധർ എന്നിവരുൾപ്പെടെ ദ്വിദിന ശിൽപശാലയുടെ ഭാഗമാകും.

*************************************

## FM – RUSSIA

ഇന്ത്യയ്ക്കും ബ്രസീലിനും ആഫ്രിക്കൻ രാജ്യങ്ങൾക്കും ഐക്യരാഷ്ട്രസഭാ സുരക്ഷാ കൗൺസിലിൽ സ്ഥിരം പ്രാതിനിധ്യം ഉണ്ടാകണമെന്ന് റഷ്യൻ വിദേശകാര്യമന്ത്രി സാഗേ ലാവ് റോവ്. റഷ്യൻ വാർത്താ ഏജൻസിക്ക് നല്കിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. കഴിഞ്ഞ മാസം യു എൻ പൊതുസഭയുടെ ഉന്നതതല ചർച്ചയിൽ ബ്രിട്ടൺ പ്രധാനമന്ത്രി കെയർ സ്റ്റാമറും ഇതേ ആവശ്യം ഉന്നയിച്ചിരുന്നു.

*************************************

## PRADHAN– VISIT

ഏഴ് ദിവസത്തെ ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ സിംഗപ്പൂരിലെത്തി. സിംഗപ്പൂരിലെ ഇന്ത്യൻ സമൂഹവുമായി ഇന്നലെ അദ്ദേഹം സംവദിച്ചു. ഇന്ത്യ-സിംഗപ്പൂർ പങ്കാളിത്തത്തിൻറെ പ്രധാന സ്തംഭങ്ങളാണ് ഇന്ത്യൻ സമൂഹമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. സന്ദർശനത്തിന്റെ രണ്ടാംപാദത്തിൽ അദ്ദേഹം മറ്റന്നാൾ ഓസ്ട്രേലിയയിലെത്തും.

*************************************

## IMD ODISHA .... INTRO

അടുത്ത 24 മണിക്കൂറിനുള്ളിൽ കിഴക്കൻ മധ്യ ബംഗാൾ ഉൾക്കടലിലും വടക്കൻ ആൻഡമാൻ കടലിലും ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അടുത്ത മൂന്ന് ദിവസങ്ങളിൽ തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, കേരളം, ദക്ഷിണ കർണാടക എന്നിവിടങ്ങളിൽ കനത്ത മഴ പെയ്യുമെന്നും അറിയിപ്പുണ്ട്. കർണാടകയിലും മധ്യമഹാരാഷ്ട്രയിലും

നാളെ ശക്തമായ മഴ പെയ്യുമെന്നും പ്രവചിച്ചിട്ടുണ്ട്. വ്യാഴാഴ്ച രാവിലെയോടെ ദാന ചുഴലിക്കാറ്റ് ഒഡിഷ തീരത്തെത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

**ഐഎംഡി ഡയറക്ടർ ജനറൽ ഡോ മൃത്യുഞ്ജയ് മൊഹപത്ര ആകാശവാണി വാർത്തകളോട്.......**

**(വോയിസ്.......)**

**************************************

## RAIN - KERALA

കേരളത്തിൽ ബുധനാഴ്ചവരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തീരപ്രദേശങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്.

**************************************

## WOMENS CRICKET

വനിതാ ട്വൻറി- 20 ലോക കപ്പ് കിരീടം ന്യൂസിലൻഡിന്. ദുബായിൽ ഇന്നലെ നടന്ന മത്സരത്തിൽ 32 റൺസിനാണ് ദക്ഷിണ ആഫ്രിക്കയെ പരാജയപ്പെടുത്തി ന്യൂസിലാൻഡ് കന്നി കിരീടം സ്വന്തമാക്കിയത്. വനിതാ ട്വൻറി- 20 ലോകകപ്പിന്റെ ആദ്യ രണ്ട് പതിപ്പിലും ഫൈനലിലെത്തിയ ന്യൂസീലൻഡിന് ഒടുവിൽ മൂന്നാം ഫൈനലിലാണ് കിരീടം സ്വന്തമാക്കാൻ സാധിച്ചത്. ന്യൂസിലാൻഡ് താരം അമേലിയ പ്ലെയർ ഓഫ് ദി സീരീസും പ്ലെയർ ഓഫ് ദ മാച്ചുമായി.

**************************************

## TENNIS-ALMATY OPEN

കസാക്കിസ്ഥാനിൽ നടന്ന അൽമാറ്റി ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ ഇന്ത്യയുടെ അർജുൻ കാദെ-റിത്വിക് ബൊള്ളിപ്പള്ളി

സഖ്യം പുരുഷ ഡബിൾസ് ജേതാക്കളായി. സൂപ്പർ ടൈബ്രേക്കറിലൂടെ കൊളംബിയയുടെ നിക്കോളസ് ബരിയന്തോസ് - ടുണീഷ്യയുടെ സ്കന്ദർ മൻസൂരി സഖ്യത്തെ തോൽപ്പിച്ചാണ് ഇന്ത്യൻ ജോഡി കന്നി കിരീടം സ്വന്തമാക്കിയത്.

**********************************

## RCS-UDAN

രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ വ്യോമ സേവനങ്ങൾ ലഭ്യമാക്കുന്ന - ഉഡേ ദേശ് കാ ആം നാഗരിക്, RCS-UDAN സംരംഭത്തിന് ഇന്ന് എട്ട് വർഷം തികയുന്നു. 2016-ലാണ് വ്യോമയാന മന്ത്രാലയം പദ്ധതി ആരംഭിച്ചത്. രാജ്യത്ത് സർവീസ് കുറവുള്ള വ്യോമ പാതകൾ മെച്ചപ്പെടുത്തുന്നതിലും സാധാരണ പൗരന്മാരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് UDAN പദ്ധതി.

**********************************

## MALDIVES - UPI

ഇന്ത്യയുടെ ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് ആയ യു.പി.ഐ സേവനം ഇനി മാൽദിവ് സിലും ലഭ്യമാകും. മന്ത്രിസഭയുടെ ശുപാർശ പ്രകാരമാണ് തീരുമാനമെന്ന് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു അറിയിച്ചു . ഇതോടെ ഇന്ത്യൻ വിനോദസഞ്ചാരികൾക്ക് മാൽദിവ് സിൽ, ഇന്ത്യൻ രൂപയിൽ തന്നെ വിനിമയം നടത്താൻ കഴിയും. ഇക്കഴിഞ്ഞ ഓഗസ്റ്റിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കറിന്റെ സന്ദർശന വേളയിലാണ്, മാലിദ്വീപിൽ യുപിഐ നടപ്പിലാക്കുന്നതിനായി ഇരു രാജ്യങ്ങളും തമ്മിൽ ധാരണയായത് .

**********************************

## WAYANAD - BY ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. വെള്ളിയാഴ്ചയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും.

*************************************

## MANDAVIA- INAUGURATION

കായികരംഗത്തെ മികച്ച 10 രാജ്യങ്ങളിലൊന്നാക്കി ഇന്ത്യയെ മാറ്റുക എന്നതാണു ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ തിരുവനന്തപുരത്തെ നവീകരിച്ച ഗോൾഫ് കോഴ്സിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയും ചടങ്ങിൽ പങ്കെടുത്തു.

**************************************************************************************************************************